03/01/2022

17/12/21

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1562(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 13768/SIC-G4/2021)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2021 ഡിസംബർ 17**

ശ്രീ. എസ്. ഉണ്ണികൃഷ്ണൻ നായർ,
ശ്രീരാമപുരം,
തെറ്റിക്കുന്ന്, കുണ്ടറ പി.ഒ.,
കൊല്ലം – 691 501. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ
കാര്യാലയം, കൊല്ലം.

2) അപ്പീൽ അധികാരി &
റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ,
റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ
കാര്യാലയം, കൊല്ലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 04/03/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 24/3/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 16/04/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 18/05/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 08/08/2021, 23/10/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 27/10/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 03/11/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 22/11/2021 |
| ഹിയറിംഗ് നടന്ന തീയതി | 14/12/2021 -(വീഡിയോ/ആഡിയോ ഹിയറിംഗ്) |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി -ഓഡിയോ<br>ഹാജരായി |

## ഉത്തരവ്

ശ്രീ. എസ്.ഉണ്ണികൃഷ്ണൻ നായർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാലാണ് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുന്നതെന്നാണ്.

2. ഹർജിക്കാരൻ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ ഓഫീസിലെ എസ്.പി.ഐ.ഒ. മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, 1996 മുതൽ 2014 വരെയുള്ള കാലയളവിലെ ഗ്രാറ്റുവിറ്റി രജിസ്റ്ററുകളും റിക്കാർഡുകളും പരിശോധിക്കുന്നതിന് അനുമതി നൽകണമെന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 24.03.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചത്, വിവരാവകാശ അപേക്ഷയിൽമേൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷികൾ നൽകിയിട്ടില്ല എന്നാരോപിച്ചാണ് അപ്പീൽ സമർപ്പിച്ചതെന്നും ആവശ്യപ്പെട്ട വിവരങ്ങൾ അലിന്റ് കുണ്ടറ എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട വിവരങ്ങളാണെന്നും ആയതിന് മറുപടി നൽകുകയും ഗ്രാറ്റുവിറ്റി രജിസ്റ്ററുകളും റിക്കോർഡുകളും നിയമപരമായി ഫീസ് അടച്ച് 31.3.2021 തീയതി പരിശോധിക്കാമെന്ന് അറിയിക്കുകയും ചെയ്തു എന്നും എന്നാൽ കക്ഷികൾ ടി തീയതിയിൽ ഓഫീസിൽ ഹാജരായെങ്കിലും രേഖകൾ പരിശോധിക്കാതെ മടങ്ങുകയാണുണ്ടായതെന്നും ഒന്നാം എതിർകക്ഷിയുടെ മറുപടിയിലുള്ള അപ്പീലിന്മേൽ ഹിയറിംഗ് നടത്തുന്നതിനായി ഹാജരാകാൻ നോട്ടീസ് അയച്ചിരുന്നതാണെന്നും പക്ഷെ ലോക് ഡൗൺ ആയതിനാൽ നേരിട്ട് ഹാജരാകാൻ കഴിഞ്ഞില്ല എന്ന് അപ്പീൽ വാദികൾ അറിയിച്ചതിനെ തുടർന്ന് അപ്പീൽ ഹർജിയിലെ വസ്തുതകൾ പരിഗണിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും വിവരാവകാശ അപേക്ഷയിൽ കൊല്ലം ജില്ലാ ലേബർ ഓഫീസറുടെ ഗ്രാറ്റുവിറ്റി ഉത്തരവിൻമേൽ സമർപ്പിച്ച അപ്പീലിന്റെ വിശദാംശങ്ങൾ ശേഖരിക്കുവാൻ 1996 മുതൽ 2014 വരെയുള്ള രേഖകൾ പരിശോധിക്കുവാൻ അവസരം നൽകണമെന്ന് അപേക്ഷിച്ചിരുന്നു എന്നും ഇതിനുള്ള അവസരം ഒന്നാം എതിർകക്ഷി നൽകിയിരുന്നു എന്നും അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ നൽകിയതായി കാണുന്നു എന്നും ഗ്രാറ്റുവിറ്റി സംബന്ധമായ ചോദ്യങ്ങളിൽ കേസ് നമ്പർ പോലെയുള്ള വിശദാംശങ്ങൾ ഉണ്ടായിരുന്നില്ലെന്നും അപേക്ഷയിൽ ഉന്നയിച്ചിട്ടുള്ള ചോദ്യങ്ങളിൽ ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും അലിന്റ് മാനേജ്മെന്റിനോട് വിവരങ്ങൾ നൽകാൻ നിർദ്ദേശിച്ചില്ല എന്നാണ് ഹർജിക്കാരന്റെ ഒരു പരാതി എന്നും അലിന്റ് എന്ന സ്ഥാപനം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതാണോ എന്ന് പരിശോധിച്ചശേഷം വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ്.

[illegible]
പ്രസ്താവിച്ചത്, 4.3.2021ന് ശ്രീ എസ് ഉണ്ണികൃഷ്ണൻ നായർ, ശ്രീ.കെ.വിജയൻ നായർ എന്നിവർ സമർപ്പിച്ച അപേക്ഷ ജി.562/2021 നമ്പറായി രജിസ്റ്റർ ചെയ്യുകയും 24.3.2021–ന് അപേക്ഷകർക്ക് രജിസ്റ്റേർഡ് തപാലിൽ മറുപടി നൽകുകയും ചെയ്തിട്ടുണ്ടെന്നും പ്രസ്തുത മറുപടിയിൽ ടി കാര്യാലയത്തിൽ കൈകാര്യം ചെയ്യുന്ന രജിസ്റ്ററുകൾ പരിശോധിക്കുന്നതിന് അപേക്ഷകർക്ക് അനുമതി നൽകുകയും രേഖകളുടെ പകർപ്പ് ലഭ്യമാകുന്നതിന് ഫീസ് ഒടുക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നെങ്കിലും അപേക്ഷകർ ഓഫീസിൽ ഹാജരായി രേഖകൾ പരിശോധിക്കാതെ മടങ്ങുകയാണ് ചെയ്തതെന്നും പ്രസ്തുത വിവരം ഒന്നാം അപ്പീൽ അധികാരിയെ 11.5.2021 തീയതി രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും പ്രസ്തുത മറുപടിയിൽ ആക്ഷേപമുള്ളതിനാൽ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ 16.4.2021 തീയതി അപ്പീൽ ഫയൽ ചെയ്തതിനെ തുടർന്ന് ഹിയറിംഗിന് ഹാജരാകുവാൻ അപേക്ഷകർക്ക് നോട്ടീസ് നൽകുകയും 18.5.2021 തീയതി അപ്പീൽ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ടെന്നും ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി അലിന്റ്, കുണ്ടറ എന്ന സ്ഥാപനം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതാണെന്ന് ബോധ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകർക്ക് വിവരങ്ങൾ നൽകുന്നതിന് അലിന്റ് കുണ്ടറ എന്ന സ്ഥാപനത്തിന് 16.6.2021 തീയതി അയച്ചു കൊടുത്തിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാർ രേഖകൾ പരിശോധിക്കാൻ അവസരം ആവശ്യപ്പെട്ടതിൻ പ്രകാരം രേഖകൾ പരിശോധിക്കാൻ ഒന്നാം എതിർകക്ഷി അവസരം നൽകിയിട്ടും അതിന് തയ്യാറാകാതെ അവർ തിരികെ പോയതായും ഹർജിക്കാരുടെ അപേക്ഷയുടെ പകർപ്പ് അലിന്റ് കുണ്ടറ എന്ന സ്ഥാപനത്തിലേയ്ക്ക് 16.6.2021–ന് അയച്ചു കൊടുത്തിട്ടുള്ളതായും കാണുന്നതിനാൽ എതിർകക്ഷികളുടെ ഭാഗത്ത് വിവരം നൽകുന്നതിൽ മന:പ്പൂർവ്വമായ വീഴ്ചകൾ ഉണ്ടായതായി കാണുന്നില്ല. എന്നിരുന്നാലും ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ, വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകൾ നേരിട്ട് പരിശോധിക്കുന്നതിന് ഹർജിക്കാരനോ, ടിയാന്റെ പ്രതിനിധിക്കോ ഒന്നാം എതിർകക്ഷി ഒരിക്കൽ കൂടി അവസരം നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. അലിന്റ് കുണ്ടറ എന്ന സ്ഥാപനത്തിൽ നിന്നും ലഭിക്കുവാനുള്ള വിവരത്തിനായി ഹർജിക്കാരന് ടി സ്ഥാപനവുമായി നേരിട്ട് ബന്ധപ്പെടാവുന്നതാണ്.

6 [illegible]
ദിവസം 2021 ഡിസംബർ 17-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
us